## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2365** **08.03.2017-ൽ മറുപടിയ്ക്ക്**

**<u>കാരുണ്യ ബനവലന്റ് ഫണ്ട് വിതരണം</u>**

| | <u>ചോദ്യം</u><br>ശ്രീ.ബി.സത്യൻ | | <u>മറുപടി</u><br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബനവലന്റ് ഫണ്ട് വിതരണത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഫണ്ട് സർക്കാർ ആശുപത്രികൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടോ; സ്വകാര്യ ആശുപത്രികളിൽ നടത്തുന്ന ചെലവേറിയ ശസ്ത്രക്രിയകൾ ഉൾപ്പെടെയുള്ളവയ്ക്ക് ആനുകൂല്യം ലഭിക്കുമോ; | (എ) | കാരുണ്യ ബനവലന്റ് ഫണ്ട്പദ്ധതി വിതരണത്തിന് ഒരു നിയന്ത്രണവും ഏർപ്പെടുത്തിയിട്ടില്ല. ഫണ്ട് സർക്കാർ ആശുപത്രികൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടില്ല. പദ്ധതിയിൽ അക്രഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക് പാക്കേജ് അനുസരിച്ച് സഹായം ലഭിക്കുന്നതാണ്. |
| (ബി) | സ്വകാര്യ ആശുപത്രികളിൽ അടിയന്തര ചികിത്സ തേടുന്ന രോഗികളുടെ ശസ്ത്രക്രിയ ചെലവുകൾ ഉൾപ്പെടെയുള്ളവ നൽകുവാൻ കഴിയുമോ? | (ബി) | സ്വകാര്യ അക്രഡിറ്റഡ് ആശുപത്രി കളിൽ അടിയന്തിര ചികിത്സ നിലവിൽ കാരുണ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. പദ്ധതി പ്രകാരം അക്രഡിറ്റ് ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികളിലെ ചികിത്സയ്ക്ക്, പാക്കേജ് അനുസരിച്ചുള്ള തുകയുടെ അനുമതിപത്രം ആശുപത്രികൾക്ക് നൽകിയതിനു ശേഷം മാത്രമേ ചികിത്സ തുടങ്ങുവാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ.